**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1222** **27-07-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കി നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ? | (എ) | കെ.എസ്.ആർ.ടി.സിയുടെ വരവ് ചെലവ് അന്തരം കുറയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പുനരുദ്ധാരണം 2.0 എന്ന പദ്ധതിയുടെ ഭാഗമായി സ്വീകരിച്ച വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. 1. ദീർഘദൂര സർവ്വീസുകൾ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടി കൂടുതൽ യാത്രാ സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോട് കൂടി കെ.എസ്.ആർ.ടി.സി.യുടെ പരിപൂർണ്ണ സഹായ സഹകരണ ത്തോട് കൂടി പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. 2. പ്രൊഫഷണലുകളുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽ നിന്നും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 3. ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്ന തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യിൽ ഒരു കൊമേർഷ്യൽ ഡിവിഷൻ രൂപീകരിച്ച് വിവിധ നടപടികൾ പുരോഗമിക്കുന്നു. 4. കെ.എസ്.ആർ.ടി.സി.യുടെ സംവിധാന ങ്ങൾ ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു. 5. കെ.എസ്.ആർ.ടി.സി.യുടെ ബസ്-സ്റ്റാഫ് ആനുപാതം ദേശീയ ശരാശരിയേക്കാൾ കുറയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 6. അക്കൗണ്ടിംഗ് വിഭാഗം കാര്യക്ഷമമാ ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 7. BOND service / City Circular service / Feeder service മുതലായവയുടെ സഹായ ത്തോടുകൂടി പൊതുജനത്തിന് കൂടുതൽ യാത്രാ സൗജന്യം നൽകുക വഴി കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ച വരുന്നു. ചെലവ് ചുരുക്കുന്നതിന്റേയും ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്ന പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ഇവയാണ്. i) LNG / CNG മുതലായ ഇന്ധനങ്ങളിലേക്കു ചുവടു മാറ്റുക. ii) റൂട്ട് Rationalization. iii) ബസ്സുകളുടെ Utilization വർദ്ധിപ്പിക്കുക. iv) സർവ്വീസ് Operation Optimize ചെയ്യുക. v) ജീവനക്കാരുടെ എണ്ണം കുറയ്ക്കുക. vi) ഇന്ധനക്ഷമത വർദ്ധിപ്പിക്കുക. vii) Logistic division ആരംഭിക്കുക. പരസ്യങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക. viii) സർവ്വീസ് യോഗ്യമല്ലാത്ത കണ്ടം ചെയ്ത ബസുകൾ മറ്റു ആവശ്യങ്ങൾക്ക് ഉപയോഗി ക്കുക (Shop On Wheels).eg. Lubshop, Milma booth. ix) ബസ് സ്റ്റേഷൻ കെട്ടിടങ്ങൾ ഉണപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുക. x) കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതിയിലുള്ള, എന്നാൽ നിലവിൽ ഉപയോഗിക്കാനാ വാത്തതുമായ വസ്തുവകകൾ പുതിയ പദ്ധതികൾക്കായി വിനിയോഗിക്കുക. കൂടാതെ ബസ് സ്റ്റേഷനുകളിൽ പൊതു ജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ റീട്ടെയിൽ ഫ്യൂൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സ്ക്രാപ്പ് ചെയ്യുന്ന ബസ്സുകൾ ക്ക് രൂപമാറ്റം വരുത്തി പൊതുമേഖലാ എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ 'ലൂബ് ഷോപ്പ്' എന്ന പദ്ധതിയും നടപ്പിലാക്കിയി ട്ടുണ്ട്. ലൂബ്രിക്കന്റ് വിൽപന, ഓയിൽ ചേയ്ഞ്ച് തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതു വഴി കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ